നം: ജെ. 3605/2013 Vc

ഫാം ഇൻഫർമേഷൻ ബ്യൂറോ,
കവടിയാർ പി.ഒ,
തിരുവനന്തപുരം-3.
തീയതി: 27.06.2013.

33187

പ്രേഷിതൻ

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ

സ്വീകർത്താവ്

കൃഷി ഡയറക്ടർ
വികാസ് ഭവൻ,
തിരുവനന്തപുരം.

സർ,

വിഷയം:- ഫാം ഇൻഫർമേഷൻ ബ്യൂറോ - സമഗ്രപച്ചക്കറി കൃഷി വികസന പദ്ധതി 2013-14 - ദർഘാസ് പരസ്യം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്

സൂചന:- കൃഷി ഡയറക്ടറുടെ ഉത്തരവ് നം. വി.സി.15155/13 തീയതി: 26/6/13

സമഗ്രപച്ചക്കറി കൃഷി വികസന പദ്ധതി 2013-14 ന്റെ ഉദ്ഘാടന ചടങ്ങുമായി ബന്ധപ്പെട്ട പരസ്യ പ്രചാരണങ്ങൾ മറ്റ് ക്രമീകരണങ്ങൾ എന്നിവ നടത്തുന്നതിനുള്ള ദർഘാസ് പരസ്യം www.keralaagriculture.govt.in ൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1/7/13

വിശ്വസ്തതയോടെ,

FARM INFORMATION BUREAU, P.O. THIRUVANANTHAPURAM-695 003

27/6/13

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ

കൃഷി അസിസ്റ്റന്റ് ഡയറക്ടർ

3200718

GOVERNMENT OF KERALA

ം ജെ. 3605/13

ഫാം ഇൻഫർമേഷൻ ബ്യൂറോ,
കവടിയാർ. പി.
തിരുവനന്തപുരം.
തീയതി: 26.06.2013

## ലഘു ദർഘാസ് പരസ്യം

2013-14 വർഷത്തിലെ സമഗ്ര പച്ചക്കറികൃഷി വികസനപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 201 ജൂലൈ 9ന് തിരുവനന്തപുരം കോട്ടൺഹിൽ ഗവൺമെന്റ് ഗേൾസ് ഹൈസ്ക്കൂളിൽ വച്ച് നടത്തുവാന തീരുമാനിച്ചിരിക്കുന്നു. പരിപാടിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പരസ്യ, പ്രചരണ പ്രവർത്തനങ്ങ നിർവ്വഹിക്കുന്നതിന് പ്രവർത്തി പരിചയവും കഴിവും സന്നദ്ധതയുമുള്ള ഇവന്റ് മാനേജ്മെന്റ് സ്ഥാപനങ്ങ ളിൽ നിന്നും / വ്യക്തികളിൽ നിന്നും മുദ്ര വച്ച അടിയന്തിര ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു.

| | | |
|---|---|---|
| 1 | അർദ്ധ വൃത്താകൃതിയിൽ 15 അടി ഉയരവും 10 അടി വ്യാസവുമുള്ള മെറ്റാലിക് പൈപ്പും തുണിയും തെർമോകോളും ഉപയോഗിച്ച് കമാന ങ്ങളുണ്ടാക്കി നഗരത്തിൽ വിവിധയിടങ്ങളിൽ സ്ഥാപിക്കുക. | 4 എണ്ണം |
| 2 | പരിപാടിയുടെ മുഖ്യ ഉള്ളടക്കത്തെ പ്രതിഫലിപ്പിക്കുന്ന തീംഗേറ്റ് തയ്യാറാക്കി സ്ഥാപിക്കുക. | 1 എണ്ണം |
| 3 | പരിപാടിയുടെ ഉള്ളടക്കത്തെ വിശദമാക്കുന്ന 3D ഡിസൈൻ വർക്കു കൾ ചെയ്ത് നഗരത്തിന്റെ വിവിധയിടങ്ങളിലായി സ്ഥാപിക്കുക. | 4 എണ്ണം |
| 4 | പരിപാടിയുടെ ഉള്ളടക്കത്തെ പ്രതിഫലിപ്പിക്കുന്ന ബാക്ക്ഡ്രോപ്പ് , സ്റ്റേജിന്റെ പിന്നിലും wings ഇരുവശങ്ങളിലും സ്ഥാപിക്കുക | 1 എണ്ണം |
| 5 | കോഡ്‌ലെസ്സ് മൈക്ക് സൗണ്ട് സിസ്റ്റം, ജനറേറ്റർ എന്നിവ ഒരുക്കുക | |
| 6 | ഉദ്ഘാടന വേദിയുടെയും അനുബന്ധ സ്ഥലങ്ങളുടെയും അലങ്കാര പ്പണികൾ | |
| 7 | ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് വേദിയിലേക്കാവശ്യമായ ക്രമീകര ണങ്ങൾ | |
| 8 | പരിപാടിയുടെ പ്രചരണത്തിനായി ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കി നൽകുന്ന പോസ്റ്ററുകൾ (1000 എണ്ണം) നഗരത്തിലും പരിസ രപ്രദേശത്തുമായി പതിക്കുക. | |

3202834

GOVERNMENT OF KERALA

വ്യവസ്ഥകൾ

| | |
|---|---|
| 1. മേൽ പറഞ്ഞ ജോലികളുടെ പ്രതീക്ഷിത അടങ്കൽ തുക | : 6 ലക്ഷം രൂപ (ആറ് ലക്ഷം രൂപമാത്രം) |
| 2. ദർഘാസ് ഫോറത്തിന്റെ വില അസ്സൽ | : 1200 + VAT |
| 3. ദർഘാസ് ഫോറത്തിന്റെ വില പകർപ്പ് | : 600 + VAT |
| 4. ദർഘാസ് ഫോറം വില്പന ആരംഭിക്കുന്ന തീയതി | : 29/06/2013 |
| 5. ദർഘാസ് ഫോറം വില്പന അവസാനിക്കുന്ന തീയതി | : 05/07/2013 11 AM |
| 6. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി | : 05/07/2013 12 PM |
| 7. ദർഘാസ് തുറക്കുന്ന സമയം തീയതി | : 05/07/2013 2 PM |
| 8 നിരതദ്രവ്യം | : ദർഘാസ് തുകയുടെ 1% - പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറുടെ പേരിൽ എടുത്ത തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് |

മറ്റു നിബന്ധനകൾ

1. ദർഘാസ് ഉള്ളടക്കം ചെയ്ത മുദ്ര വച്ച കവറിനു മുകളിൽ 'സമഗ്ര പച്ചക്കറികൃഷി 2013 ഉദ്ഘാടന-പ്രചരണ പരിപാടികൾക്കുള്ള ദർഘാസ് എന്ന് രേഖപ്പെടുത്തിയിരിക്കണം
2. നിശ്ചിത സമയ പരിധിക്കകം ലഭിക്കുന്ന ദർഘാസുകൾ നിശ്ചയിക്കപ്പെട്ട സമയത്ത് ഹാജരുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ തുറക്കുന്നതായിരിക്കും.
3. മേൽ നിശ്ചയിച്ചിരിക്കുന്ന തീയതികളിൽ കാരണമൊന്നും കാണിക്കാതെ മാറ്റം വരുത്താനോ ദർഘാസ് നടപടികളിൽ ഭേദഗതി വരുത്താനോ ദർഘാസ് തന്നെ റദ്ദാക്കാനോ ഫാം ഇൻഫർമേഷൻ ബ്യൂറോ, പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് അധികാരമുണ്ടായിരിക്കും.
4. പ്രചരണ സാമഗ്രികൾ തിരുവനന്തപുരം നഗരത്തിൽ ഏതൊക്കെ സ്ഥാനങ്ങളിൽ സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കാനുള്ള അധികാരം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്കായിരിക്കും. ആ സ്ഥാനങ്ങളിൽ കമാനങ്ങളോ ബോർഡുകളോ മറ്റു സാധനങ്ങളോ സ്ഥാപിക്കുന്നതിന് നഗരസഭ, പൊതുമരാമത്തു വകുപ്പ് തുടങ്ങിയ ഔദ്യോഗിക, അനൗദ്യോഗിക സ്ഥാപനങ്ങളുടെ അനുമതി ആവശ്യമാണെങ്കിൽ ദർഘാസ് അംഗീകരിച്ചു കിട്ടുന്നയാൾ സ്വന്തം ചെലവിൽ അത് വാങ്ങേണ്ടതാണ്.
5. നിശ്ചിത സമയത്തു തുറക്കുന്ന ദർഘാസുകളിൽ എല്ലാ നിബന്ധനകളുടെ വ്യവസ്ഥകളും പാലിക്കുന്നതും, ഏറ്റവും ചുരുങ്ങിയ നിരക്ക് ആവശ്യപ്പെടുന്നതുമായ ദർഘാസ് പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറുടെ അനുമതിക്ക് വിധേയമായി അംഗീകരിക്കുന്നതും ആ ദർഘാസുകാരന് വർക്ക് ഓർഡർ നൽകുന്നതുമായിരിക്കും.
6. വർക്ക് ഓർഡർ ലഭിച്ചാൽ ഉടൻ തന്നെ പ്രവൃത്തി ആരംഭിക്കേണ്ടതും 2013 ജൂലൈ 6-ാം തീയതി രാവിലെ മുതൽ പ്രചരണ സാമഗ്രികൾ നിശ്ചിത സ്ഥലങ്ങളിൽ പ്രദർശനത്തിനു തയ്യാറായ വിധത്തിൽ സജ്ജീകരിക്കേണ്ടതാണ്.

3202840

7. പ്രചരണ സാമഗ്രികൾ മെച്ചപ്പെട്ട ഗുണനിലവാരമുള്ളതും മഴ, വെയിൽ തുടങ്ങിയ പ്രകൃതി ഘടകങ്ങളാൽ കേടുപാടുകൾ പറ്റാത്ത വിധം തയ്യാറാക്കപ്പെട്ടതുമായിരിക്കണം. പ്രചരണ സാമഗ്രികളുടെ കൊണ്ടുവരൽ, കൊണ്ടു പോകൽ, സ്ഥാപിക്കൽ അഴിച്ചു മാറ്റൽ തുടങ്ങിയ മുഴുവൻ പ്രവർത്തികളും ദർഘാസുകാരന്റെ ചുമതലയായിരിക്കും.

8. പ്രചരണ സാമഗ്രികൾ സ്ഥാപിക്കുമ്പോൾ പൂർണ്ണമായ സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടതും അത് സ്ഥാപിക്കുമ്പോഴോ, അഴിച്ചു മാറ്റുമ്പോഴോ, നിശ്ചിത സ്ഥലത്ത് നിലനില്ക്കുമ്പോഴോ അതു മൂലം എന്തെങ്കിലും നാശനഷ്ടങ്ങളോ അപകടങ്ങളോ ഉണ്ടായാൽ അതിന്റെ ഉത്തരവാദിത്തം ദർഘാസുകാരന്റേതു മാത്രം ആയിരിക്കുന്നതുമാണ്.

9. പ്രചരണ സാമഗ്രികൾ 2013 ജൂലൈ 9-ാം തീയതി വൈകുന്നേരം 6 മണി വരെയെങ്കിലും നിശ്ചിത സ്ഥലങ്ങളിൽ പ്രദർശിപ്പിക്കപ്പെടുമെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

10. മേൽപറഞ്ഞ പ്രവർത്തികൾ ഭാഗികമായി ഏറ്റെടുക്കാവുന്നതല്ല

11. സർക്കാർ ദർഘാസുകൾക്കു ബാധകമായ എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും.

12. ഉദ്ഘാടന പരിപാടിയോടനുബന്ധിച്ച് തയ്യാറാക്കുന്ന പ്രചരണ ഉപാധികൾ സമഗ്ര പച്ചക്കറികൃഷി പദ്ധതിയുടെ തീം/സന്ദേശവുമായി യോജിച്ചു പോകുന്നതും വിജ്ഞാനവ്യാപന തത്വങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണം.

13. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് അംഗീകൃത പാനലിൽ ഉള്ളവർമാത്രം അപേക്ഷിച്ചാൽ മതി.

14. കൃഷി-അനുബന്ധ വകുപ്പുകളുടെ ദേശീയ സംസ്ഥാനതല പരിപാടികൾ ഏറ്റെടുത്ത് നടത്തിയവർക്ക് മുൻഗണന.

FARM INFORMATION BUREAU
P.O. THIRUVANANTHAPURAM

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ
കൃഷി അസിസ്റ്റന്റ് ഡയറക്ടർ